# തലോടലിലൂടെ അനുഗ്രഹം

## മർക്കോസ് 10:13

**"അവൻ തൊടേണ്ടതിനു ചിലർ ശിശുക്കളെ അവന്റെ അടുക്കൽ കൊണ്ടുവന്നു."**

സ്പർശനത്തിന് മനുഷ്യജീവിതത്തിൽ പ്രത്യേകമായ ഒരു സ്ഥാനമുണ്ട്. വലിയ ദു:ഖവും, വേദനയും, നിരാശയും ഒക്കെ അനുഭവിക്കുമ്പോൾ നമ്മെ സ്നേഹിക്കുന്നവരുടെ സ്പർശനം അഥവാ ഒന്നു തലോടിയുള്ള ആശ്വാസിപ്പിക്കൽ, അത് വലിയ സമാധാനവും ആശ്വാസവും നൽകും. വാക്കുകൾ കൊണ്ടുള്ള ശക്തിപ്പെടുത്തലിനെക്കാളുപരി സ്പർശനത്തിന് വളരെ സ്വാധീനമുണ്ട്. അമ്മയുടെ സ്പർശനത്തിലൂടെ കുഞ്ഞിന് എല്ലാ സ്നേഹവും, ആശ്വാസവും, സമാധാനവും ഒക്കെ അനുഭവിക്കാൻ പറ്റുന്നത് നമുക്ക് അറിയാവുന്ന സത്യമാണ്.

ഇവിടെ നാം വായിച്ചതായ വേദഭാഗത്തു കാണുന്നു: "അവൻ തൊടേണ്ടതിനു" യേശുകർത്താവ് തൊടേണ്ടതിന് ചിലർ കുഞ്ഞുങ്ങളെ കൊണ്ടുവന്നു. സ്വാഭാവികമായും കുഞ്ഞുങ്ങളുടെ രക്ഷിതാക്കളായിരിക്കും അവരെ കർത്താവിന്റെ അടുക്കലേക്ക് കൊണ്ടുവന്നതെന്ന് അനുമാനിക്കാം. മക്കളെ കർത്താവ് തൊട്ടാൽ അവർക്കുണ്ടാകുന്ന അനുഗ്രഹത്തെപ്പറ്റി ഇവർക്ക് നല്ല ബോധ്യമുണ്ടായിരുന്നു. തലമുറകൾ അനുഗ്രഹിക്കപ്പെടുവാൻ വാഞ്ഛയോടെ കർത്താവിന്റെ അടുക്കലേക്ക് വന്ന രക്ഷിതാക്കൾ.

ഇന്ന് നാം ആയിരിക്കുന്ന ലോകം കണക്കിലെടുത്താൽ തലമുറകൾ വഴിതെറ്റിപ്പോകാനുള്ള സാധ്യതകൾ വളരെയാണ്. ആധുനിക മാധ്യമങ്ങളും ജീവിത സൗകര്യങ്ങളും അവരെ ലൗകിക വിഷയങ്ങളിൽ ആകൃഷ്ടരാക്കുകയും ദൈവത്തിൽനിന്നും, ദൈവീക വിഷയങ്ങളിൽനിന്നും അകറ്റിക്കളയുകയും ചെയ്യുന്നു. ചുറ്റും സുരക്ഷിതമായ മേഖലയോ വിരളം മാത്രം. എന്നാൽ ഇതിന്റെ നടുവിലും മക്കൾ ആത്മീയരും, സൽസ്വഭാവികളും ആയിത്തീരാൻ ദൈവം അവരെ തൊടേണ്ടത് അനിവാര്യമാകുന്നു.

കുഞ്ഞുങ്ങളെ കർത്താവിങ്കലേയ്ക്ക് കൊണ്ടുവരുവാൻ ഒരുങ്ങിയപ്പോൾ "ശിഷ്യന്മാർ അവരെ ശാസിച്ചു" (Mark 10:17) എന്നു നമുക്ക് കാണാം. എന്നാൽ ഈ സാഹചര്യത്തേയും മറികടന്നാണ് കർത്താവിന്റെ അടുക്കലേക്ക് ശിശുക്കളെ എത്തിച്ചത്. അടുക്കലെത്തുന്ന കുഞ്ഞുങ്ങളെ "യേശുകർത്താവ് അണച്ചു അവരുടെ മേൽ കൈവെച്ചു അനുഗ്രഹിച്ചു" (Mark 10:16). ഈ ഒരു ആഗ്രഹത്തോടെ മാതാപിതാക്കൾ കുഞ്ഞുങ്ങളെ യേശുവിങ്കലേക്ക് നയിക്കണം. അതേ അവൻ മാറോട് ഒന്ന് അണയ്ക്കണം, തലോടണം.

അവന്റെ കൈ മക്കളുടെ മേൽ വെച്ച് അവരെ അനുഗ്രഹിക്കണം. എത്ര ശ്രേഷ്ഠമായ അനുഭവം.

മാനുഷികമായ നിലയിൽ ഒരുപക്ഷേ പ്രതീക്ഷകൾ കൈവിട്ടേക്കാം. എന്നാലും കർത്താവ് തൊട്ടാൽ അത് വിടുതലാകുന്നു. മരിച്ച യായീറോസിന്റെ മകളെ അവൻ കൈക്കുപിടിച്ച് എഴുന്നേല്പിച്ചപ്പോൾ അത് ജീവനായി മാറി. എല്ലാം അസ്തമിച്ച്, രക്ഷ പെടാൻ യാതൊരു മാർഗ്ഗവും ഇല്ലെന്ന് കരുതി അഥവാ കുഞ്ഞുങ്ങളുടെ അനുഗ്രഹത്തിനും പ്രാർത്ഥനയ്ക്കും മറുപടി ഇല്ലെന്ന് ഓർത്ത് നൊമ്പരപ്പെട്ട് വേദനിക്കുന്ന രക്ഷിതാക്കളോടുള്ള ദൈവദൂതാണ് ഇന്നത്തെ വേദഭാഗം. എല്ലാ കോട്ടകളേയും തരണം ചെയ്ത് കർത്താവിന്റെ അടുക്കലേക്ക് കൊടുക്കാം. അവൻ അവരെ മാറോട് ചേർക്കട്ടെ. കൈ അവരുടെ മേൽവെച്ച് അവരെ അനുഗ്രഹിക്കട്ടെ. പ്രത്യാശ കൈവിടാതെ വിശ്വാസത്തോടെ നമുക്ക് പ്രാർത്ഥിക്കാം. അതേ, അനുദിന ജീവിതത്തിൽ ദൈവീക സ്പർശനം അനുഭവിക്കുവാൻ കഴിയുന്നവർക്ക് എവിടെയും സന്തുഷ്ടരായിരിക്കുവാൻ കഴിയും.

**പരാമർശം:**

യെശയ്യാവ് 30:20,21

കർത്താവു നിങ്ങൾക്കു കഷ്ടത്തിന്റെ അപ്പവും ഞെരുക്കത്തിന്റെ വെള്ളവും മാത്രം തന്നാലും ഇനി നിന്റെ ഉപദേഷ്ടാവു മറഞ്ഞിരിക്കയില്ല; നിന്റെ കണ്ണു നിന്റെ ഉപദേഷ്ടാവിനെ കണ്ടുകൊണ്ടിരിക്കും. നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽനിന്നു കേൾക്കും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 130**